**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 802** **30-01-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; ഓരോ സഹകരണ സംഘങ്ങളുടെയും താലൂക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ 13 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തതിൽ 9 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നതും 4 സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതവുമാണ്.<br><br>**<u>കോഴിക്കോട്</u>**<br><br>1. കോഴിക്കോട് ജില്ല ട്രാവൽ & ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി & പ്രൊഫഷണൽ എജ്യൂക്കേഷൻ ലിമിറ്റഡ് നമ്പർ ഡി.2882<br>2. കോഴിക്കോട് ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3020 - **(പ്രവർത്തന രഹിതം)**<br>3. കോഴിക്കോട് ജില്ലാ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2778 - **(പ്രവർത്തന രഹിതം)**<br>4. ബേപ്പൂർ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3017 --**(പ്രവർത്തന രഹിതം)**<br>5. മലബാർ ടൂറിസം ആൻഡ് ട്രാവല്ലിംഗ് പ്രൊമോഷൻസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3226<br>6. കോഴിക്കോട് താലൂക്ക് ടൂറിസം വികസന സംഘം -**(പ്രവർത്തന രഹിതം)**<br>7. എലത്തൂർ സഹകരണ ട്രാവൽ ആൻഡ് ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.3280<br>8. ഗ്ലോബൽ ടൂറിസം സർവ്വീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ -3288<br><br>**<u>വടകര</u>**<br><br>1. കടത്തനാട് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ലോകനാർകാവ് ലിമിറ്റഡ് നമ്പർ ഡി.3361 |

| | | | |
|---|---|---|---|
| | | | 2. സാന്റ്ബാങ്ക്സ് ടൂറിസം പ്രോമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3362<br><br>**<u>കൊയിലാണ്ടി</u>**<br><br>1. കോട്ടക്കൽ കുഞ്ഞാലി മരക്കാർ ഡവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2719<br>2. കോഴിക്കോട് ഡിസ്ട്രിക്റ്റ് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.2431<br>3. കക്കയം വാലി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.3104<br><br>**<u>താമരശ്ശേരി</u> :-** നിലവിൽ സംഘങ്ങൾ ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്.<br><br>1. കടത്തനാട് ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ലോകനാർകാവ് ലിമിറ്റഡ് നമ്പർ ഡി. 3361. ലോകനാർകാവ് ആസ്ഥാനമായി 12.04.2022 രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചതാണ്. പയംകുറ്റിമല ടൂറിസം പ്രോജക്ടുമായി സഹകരിച്ചു പ്രവർത്തിക്കുന്നതോടൊപ്പം വിവിധ ടൂർ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തി വരുന്നു.<br>2. സാന്റ്ബാങ്ക്സ് ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3362. വടകര ആസ്ഥാനമായി 28.04.2022 രജിസ്റ്റർ ചെയ്തു 26.05.2022 ൽ പ്രവർത്തനം ആരംഭിച്ചതാണ്. |
| (സി) | ടൂറിസം മേഖലയിൽ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് ഈ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടു വന്നിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ